	രൂപ
കേരള സർക്കാരിൽ നിന്നും	15,50,000
സ്പോൺസർഷിപ്പു വഴി	55,000
സ്റ്റാൾ വാടകയിനത്തിൽ	8,000
ടിക്കറ്റ് വിൽപ്പനയിനത്തിൽ	2,55,046
മത്സ്യ ടാങ്കുകളുടെ വിൽപനയിനത്തിൽ	23,320
ലൈസൻസ് ഫീസ് ഇനത്തിൽ	6,50,000
മത്സ്യഫെഡിൽ നിന്നും അഡ്വാൻസ്	8, 41,000
ആകെ	27,97,366 രൂപ

'റിസർവോയർ' ഫിഷറീസ് പദ്ധതി

13 (2888) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജർമ്മനിയുടെ സഹായത്തോടെ സർക്കാർ 'നടപ്പാക്കിയ റിസർവോയർ ഫിഷറീസ് പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്കുവേണ്ടി കേരള സർക്കാർ എന്തുതുക ചെലവഴിച്ചു ; ജർമൻ സഹായം എത്രയായിരുന്നു ;

(സി) പദ്ധതിക്കായി നിയോഗിച്ചിട്ടുള്ള ചില ഉദ്യോഗസ്ഥന്മാർ ജോലി ചെയ്യാതെ ശമ്പളം പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിൽനിന്നും എത്ര ഉദ്യോഗസ്ഥന്മാർ എത്ര തവണ വിദേശ യാത്രകൾ നടത്തി ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിൽ ജലസംഭരണികളിലെ മത്സ്യകൃഷി വികസന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ അറിവും സാങ്കേതിക വൈദഗ്ദ്ധ്യവും ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർ നേടിക്കഴിഞ്ഞ സാഹചര്യത്തിൽ പദ്ധതി 31-3-98 മുതൽ നിർത്തൽ ചെയ്യുകയായിരുന്നു.

(ബി) ജർമനിയിൽ നിന്നും സാങ്കേതിക സഹായം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. കേരള സർക്കാർ ചെലവഴിച്ച തുകയുടെ കണക്കുകൾ ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിൽ നിന്ന് വിദേശയാത്രകൾ നടത്തിയ ഉദ്യോഗസ്ഥന്മാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

	വിദേശയാത്ര നടത്തിയിരുന്നപ്പോൾ വഹിച്ചിരുന്ന തസ്തിക	സന്ദർശിച്ച സ്ഥലം
1. ശ്രീ. ഡി. എം. പീറ്റേഴ്സ്	പ്രോജക്ട് ഡയറക്ടർ ഇൻഡോ ജർമ്മൻ റിസർവോയർ ഫിഷറീസ് പ്രോജക്ട്	ഇംഗ്ലണ്ട് & സിങ്കപ്പൂർ
2. ശ്രീ. എൻ. അരവിന്ദാക്ഷൻ	ടി	ഇംഗ്ലണ്ട്
3. ശ്രീ. കെ. തങ്കപ്പൻ	ഡെപ്യൂട്ടി ഡയറക്ടർ (ഇൻലാന്റ്)	ഇംഗ്ലണ്ട്
4. ശ്രീ. രവീന്ദ്രൻ നായർ	ഡെപ്യൂട്ടി ഡയറക്ടർ (പി. എം. ഇ)	ഇംഗ്ലണ്ട്
5. ശ്രീ. സിദ്ധാർത്ഥൻ. റ്റി	ഡെപ്യൂട്ടി ഡയറക്ടർ (മലമ്പുഴ)	നോർവെ

മത്സ്യഫെഡിന്റെ ഡയറക്ടർ ബോർഡിന്റെ ഘടന

14 (2889) ശ്രീ. പി. കെ. കെ. ബാവ :

ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ ഡയറക്ടർ ബോർഡിൽ എത്ര അംഗങ്ങൾ ഉണ്ട് ;

(ബി) ഇവരിൽ തെരഞ്ഞെടുക്കപ്പെട്ടവരും സർക്കാർ നാമനിർദ്ദേശം ചെയ്തവരും എത്രപേരുണ്ട് ; ഇവരുടെ പേരും ജാതി തിരിച്ചുള്ള വിവരവും വെളിപ്പെടുത്താമോ ;

(സി) ധീവര സമുദായത്തിൽപ്പെട്ടവരായി ഈ ബോർഡിൽ എത്രപേരുണ്ട് ;

(ഡി) പ്രസ്തുത ഡയറക്ടർ ബോർഡിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട എല്ലാ ജാതിവിഭാഗങ്ങൾക്കും പ്രാതിനിധ്യം ഏർപ്പെടുത്തുമോ ;

(ഇ) ഇതിനുവേണ്ടി നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) മത്സ്യഫെഡിന്റെ ഡയറക്ടർ ബോർഡിൽ 23 അംഗങ്ങളാണുള്ളത്. (ഇപ്പോൾ ഒരു സ്ഥാനം ഒഴിഞ്ഞു കിടക്കുന്നു.)

(ബി) മത്സ്യഫെഡിന്റെ ഡയറക്ടർബോർഡിൽ 15 തെരഞ്ഞെടുക്കപ്പെട്ടവരും 3 പേർ നാമനിർദ്ദേശം ചെയ്തിട്ടുള്ള അനുദ്യോഗസ്ഥരും 5 പേർ ഉദ്യോഗസ്ഥരും ആണ്. (പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.) †

(സി) ധീവര സമുദായത്തിൽപ്പെട്ട 11 പേരുണ്ട്.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly